# പുതിയ അദ്ധ്യയനവർഷമേ.. സ്വാഗതം

## സരോജ വർഗീസ്സ്,ന്യൂയോർക്ക്



ഇവിടെയിതാ, വീണ്ടും ഒരു അദ്ധ്യയന വർഷം ആരംഭിക്കുകയാണു. വിദ്യാർത്ഥികൾക്കെല്ലാം വേനൽക്കാലത്തിന്റെ ആഹ്ലാദങ്ങൾക്ക് വിടപറയേണ്ട സമയമായി.

വീട്ടിൽ അതിഥിയായെത്തിയിരുന്ന രസികനായ ഒരു സ്നേഹിതൻ പെട്ടെന്നൊരു ദിവസം യാത്ര പറഞ്ഞുപടിയിറങ്ങിപ്പോകുന്ന ഒരു പ്രതീതിയാണു പെട്ടെന്ന് അവസാനിക്കുന്ന വേനൽക്കാലം.വസന്തത്തിന്റെ ആഗമനത്തിനായി സോത്സാഹം കാത്തിരുന്ന ദിവസങ്ങൾ ഇന്നലെ എന്നപോലെ തോന്നുന്നു. മഞ്ഞുപെയ്യുന്ന നാളുകളിൽനിന്നും കൊടുംതണുപ്പിൽനിന്നുമുള്ള മോചനത്തിനായുള്ള കാത്തിരുപ്പ്. ഇവിടുത്തെ കാലാവസ്ഥ പ്രക്രുതിയിലും മനുഷ്യരിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ പലപ്പോഴും എന്നിൽ കൗതുകമുണർത്താറുണ്ട്. വിശുദ്ധിയുടെ വെണ്മഞ്ഞ് അണിഞ്ഞ് മാലാഖമാരെപ്പോലെ മന്ദഹസിച്ചുനിന്ന വ്രുക്ഷങ്ങൾ, വസന്തത്തിന്റെ വരവോടെ തളിർക്കുന്നു,പൂക്കുന്നു.ഹരിതനിബിഡമാകുന്നു. പ്രക്രുതി ആകമാനം ഒരു നവോഢയെപ്പോലെ അണിഞ്ഞൊരുങ്ങുന്നു. "April showers bring May flowers" വെണ്മേഘശകലങ്ങൾ ഭൂമിയെ സന്ദർശിക്കാൻ താഴേക്ക് ഇറങ്ങി വന്നിരിക്കുന്നുവോ എന്നു തോന്നിക്കുമാറു മഞ്ഞുമൂടിയിരുന്ന ഭൂതലത്തിൽ വഴുതിവീഴാതിരിക്കാൻ ഉപയോഗിച്ചിരുന്ന പാദരക്ഷകളിൽ നിന്നും മരം കോച്ചുന്ന തണുപ്പിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ഉപയോഗിച്ചിരുന്ന വസ്ത്രധാരണരീതിയിൽനിന്ന് മനുഷ്യനു കാര്യമായ മാറ്റം.



മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ഹൈസ്കൂൾ, തുമ്പമൺ പ്ലസ് 1ഉം, 2ഉം
വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ ലിറ്ററി വിംഗ് ഉദ്ഘാടനം
ശ്രീമതി സരോജ വർഗീസ്സ് നിർവ്വഹിക്കുന്നു.( ആഗസ്റ്റ് 10, 2016)

വേനൽക്കാലാവധി എത്രമത്രം ഉല്ലാസപ്രദമാക്കണം എന്ന ചിന്തയിലെല്ലാവരും പരിപാടികൾ ആസൂത്രണം ചെയ്യുന്നു. ബസ് സ്റ്റോപ്പുകളിലും വഴിയോരങ്ങളിലും ആൾത്തിരക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികളുടെ തിരക്ക് കുറയുന്നു. ജീവിത സായാ□ ത്തിലെ വിശ്രമജീവിതത്തിൽ പ്രഭാതത്തിലും സായാ□ ത്തിലുമുള്ള

സവാരി എൻെറ നിത്യജീവിതത്തിൻെറ ഒരു ഭാഗമായിതീർന്നിരിക്കയാണു. മേയ്മാസത്തോടുകൂടി ഈ വ്യായാമത്തിനു ഉന്മേഷം വർദ്ധിക്കുന്നു. വീഥിയുടെ ഇരുപാർശ്വങ്ങളിലുമുള്ള വീടുകളുടെ മുമ്പിൽ കലാപരമായി നട്ടുവളർത്തുന്ന വിവിധവർണ്ണങ്ങളിലുള്ള ചെടികളും പൂക്കളും എൻെറ സവാരിയിൽ എന്നെ വളരെയധികം ആകർഷിക്കാറുണ്ട്. കണ്ണിനു കുളിർമ്മ പകരുന്ന വഴിയോരക്കാഴ്ച്ചകൾ.



പ്രക്രുതിയിൽ ഉണ്ടാകുന്ന മാറ്റങ്ങളെ ഉറ്റുനോക്കിക്കൊണ്ടും സർവ്വചരാചരങ്ങളേയും നിയന്ത്രിക്കുന്ന ആ മഹാശക്തിയെ ഉള്ളുകൊണ്ട് നമിച്ച്കൊണ്ടുമുള്ള ആ സവാരികൾ മനസ്സിനും ശരീരത്തിനും കൂടുതൽ ഊർജ്ജം പകരുന്നവയാണു. പ്രക്രുതി വിടർത്തുന്ന പൂക്കളെപ്പോലെ മന്ദഹാസം സമ്മാനിച്ച്കൊണ്ടും സൗഹാർദ്ദത്തിൻെറ തലക്കുലക്കലും "ഹലോ"വും പറഞ്ഞുകൊണ്ടും അപ്പോൾ കണ്ടുമുട്ടുന്ന പരിചിതമുഖങ്ങൾ എൻെറ നടത്തം കൂടുതൽ ഉന്മേഷപ്രദമാക്കുന്നു.

ഇത്തരം പ്രഭാതസവാരിയിൽ, ഒറ്റയ്ക്കും കൂട്ടുചേർന്നും പുറത്തു ഭാരമേറിയ പുസ്തകസഞ്ചിയും തൂക്കി പ്രസന്നവദരരായി സ്കൂളിലേക്ക് നടന്നുപോകുന്ന വിദ്യാർത്ഥികളെ കൗതുകപൂർവ്വം ഞാൻ ശ്രദ്ധിക്കാറുണ്ട്. രാഷ്ട്രത്തിൻെറ നാളത്തെ പൗരന്മാർ നാളെയെക്കുറിച്ചുള്ള യാതൊരു ആകുലതകളും ആ മുഖങ്ങളിൽ കാണാറില്ല. സിറ്റിബസ്സുകളുടെ സ്റ്റോപ്പുകളിൽ കൂട്ടംകൂട്ടമായി നിൽക്കുന്ന വിദ്യാർത്ഥികൾ, ബസ്സ് എത്തിക്കഴിയുമ്പോൾ യാതൊരു ധ്രുതിയും കാണിക്കാതെ വരി വരിയായി, ഒന്നിനു പിറകെ ഓരോരുത്തരായി ക്രമസമാധാനചിട്ടകൾ പാലിച്ച്കൊണ്ട്, ആ വാഹനത്തിനുള്ളിലേക്ക് കയറുന്നു. ഈ അച്ചടക്കവും മറ്റുള്ളവരുടെ സൗകര്യത്തിലുള്ള പരിഗണനയും പരസ്പരസ്നേഹവും അമേരിക്ക എന്ന രാഷ്ട്രത്തിൻെറ മേന്മയാണു. സമൂഹത്തിൽ നാം അനുഷ്ഠിക്കേണ്ട പല നല്ല മാത്രുകകളും ഇവിടെ കാണാവുന്നതാണു എൻെറ കാൽനടയാത്രകൾ കണ്ണിനു ആനന്ദം പകരുന്നതിനോടൊപ്പംതന്നെ മനസ്സിലാക്കേണ്ട പല കാര്യങ്ങളിലേക്കും എൻെറ ശ്രദ്ധ തിരിക്കാറുണ്ട്. അത്തരം അവസരങ്ങളിൽ, എൻെറ ബാല്യ-കൗമാര-യൗവ്വനത്തിൻെറ ആദ്യഘട്ടങ്ങൾ പിന്നിട്ട ജന്മനാടിനെക്കുറിച്ച് ആലോചിക്കുന്നു.

കോരിച്ചൊരിയുന്ന മഴയ്ക്കൊപ്പമാണു കേരളത്തിൽ സ്കൂൾ തുറക്കുന്നത്.വിദ്യാർത്ഥികളും ഉദ്യോഗസ്ഥരും ബസ്സുകളിൽ കയറിപ്പറ്റാൻ നടത്തേണ്ടി വരുന്ന കയ്യാങ്കളികൾ. കളരിപ്പയറ്റും മെയ്യാഭ്യാസവും ജന്മസിദ്ധമായിരുന്ന കേരളം. ഒരു ബസ്സ് ദൂരെ നിന്നു വരുന്ന ശബ്ദം കേൾക്കുമ്പോൾ അതിൽ എങ്ങിനേയും ചാടിക്കയറാൻ ഒരുങ്ങി നിൽക്കുന്ന ജനക്കൂട്ടം. യഥാർത്ഥ ബസ്സ്സ്റ്റോപ്പിൽ ആകാംക്ഷഭരിതരായി കാത്ത്നിൽക്കുന്ന ജനക്കൂട്ടത്തെക്കാണുന്നു. ബസ്സ് കണ്ടക്ടർ അവിടെ നിന്നും ഏതാനും വാരകൾ മുമ്പോട്ട് നീങ്ങി ഡ്രൈവർക്ക് ബസ്സ് നിർത്തുവാനുള്ള വിസ്സിൽ കൊടുക്കുന്നു. അവിടെ നിന്നും ഏതാനും വാരകൾ മുമ്പോട്ടുപോയി നിൽക്കുന്ന ബസ്സിലേക്ക് സ്ത്രീപുരുഷന്മാരും വിദ്യാർഥികളും ഉൾപ്പെട്ട ജനക്കൂട്ടം പായുന്നു. പിന്നീട് ഒരു ഉന്തും തള്ളും. "കയ്യൂക്ക് ഉള്ളവൻ

കാര്യക്കാരൻ" എന്ന രീതിയിൽ കുറച്ച്പേർ വാഹനത്തിൽ കടന്നുകൂടുന്നു. അല്ലാത്തവർ പരാജിതരെപ്പോലെ വീണ്ടും യഥാർത്ഥ ബസ്സ് സ്റ്റോപ്പിലേക്ക് തിരിഞ്ഞ് നടക്കുന്നു.



മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ഹൈസ്കൂൾ, തുമ്പമൺ പ്ലസ് 1ഉം, 2ഉം വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ

അന്നൊക്കെ സ്വന്തമായി ഒരു നല്ല കുടയും ചെരിപ്പും ഉള്ളത് തന്നെ ചുരുക്കം ചില വിദ്യാർഥികൾക്ക് മാത്രം. പക്ഷെ കുട്ടികൾ പരസ്പരം വളരെയധ്കം സ്നേഹവും ഐക്യമത്യവും പുലർത്തിയിരുന്നതായി അനുഭവപ്പെട്ടിരുന്നു.അയൽക്കാരായ വിദ്യാർഥികൾ ഒരേ കുടക്കീഴിൽ പകുതി നനഞ്ഞും നനയാതെയും ഒക്കെയായി സ്കൂളിലേക്ക് പോയിരുന്ന ദിവസങ്ങൾ ആർഭാടത്തിൻറ്റേതായിരുന്നില്ല, മറിച്ച് സ്നേഹത്തിൻേറതായിരുന്നു. വീട്ടിൽ നിന്നും കൊണ്ടുവന്നിരുന്ന പൊതിച്ചോറുപോലും ഉച്ചയൂണില്ലാത്ത കൂട്ടുകാരുമായി പങ്ക് വച്ചിരുന്ന കുട്ടിക്കാലം. നിഷ്ക്കളങ്ക സ്നേഹത്തിന്റെ പ്രതിഫലനങ്ങളായിരുന്ന കാലം ദൈവത്തിന്റെ സ്വന്തം നാട്ടിൽ.

സ്കൂൾ തുറക്കുന്ന ദിവസം ആഹ്ലാദത്തോടെയാണു അന്നു കുട്ടികൾ കാത്തിരുന്നത്."അണ്ണാറക്കണ്ണാ, തൊണ്ണൂറുമൂക്കാ,ഒരു കൊച്ചുമാമ്പഴം വീഴ്ത്തിത്തരൂ എന്നു കെഞ്ചി കളിപ്പൂര കെട്ടിക്കളിച്ച മദ്ധ്യവേനൽ അവധി തീരുന്നതോടെ സ്കൂൾ തുറക്കുമ്പോൾ അവധിക്കാലം മതിയായില്ല എന്നു തോന്നിയിരുന്നെങ്കിലും കൂട്ടുക്കാരെ വീണ്ടും കാണമല്ലോ എന്ന സന്തോഷം മറുവശത്ത് അനുഭവിച്ചിരുന്നു. മഹാകവി പി. കുഞ്ഞിരാമൻ നായരുടെ കവിത കുട്ടികളുടെ ചുണ്ടുകളിൽ തത്തിക്കളിച്ചിരുന്നു. ഹ്ര്യ്ദ്യമായ ആ കവിതയിലെ ഏതാനും വരികൾ വായനക്കരുമായി പങ്കു വയ്ക്കട്ടെ.


"ആഹ്ലാദമേറുന്നു നാളെ പാഠ–
ശാല തുറക്കും ദിവസം
ഏറി വരുന്നോരാനന്ദത്തിന്റെ–
വാതിൽ തുറക്കും ദിവസം"

അമ്മമ്മാരെ വിട്ടകലാൻ മടിക്കുന്ന കൊച്ചുകുട്ടികളുടെ കരച്ചിലും അമ്മമാരുടെ സങ്കടവും ഒക്കെ മുതിർന്ന കുട്ടികൾ നോക്കി നിന്ന് അവരുടെ ഭൂതകാലം അയവിറക്കുന്നു. ഇവിടെ കുട്ടികളിൽ വളരെ ചെറിയ ശതമാനം മാത്രം സ്കൂളിൽ പോകാൻ മടി കാണിക്കുന്നുള്ളു. അമ്മയോ അച്ഛനോ ഓടിക്കുന്ന കാറിൽ

വന്നിറങ്ങുന്ന കുട്ടികൾ പുസ്തകസഞ്ചിയും തോളിലിട്ട് അച്ചടക്കത്തോടെ സ്കൂൾ കാമ്പൗണ്ടിൽ നിരനിരയായി നിന്ന് മണിയടിക്കുമ്പോൾ ക്ലാസ്സ് ടീച്ചറുമൊത്ത് ക്ലാസ് മുറികളിളിലേക്ക് കയറിപ്പോകുന്നു.

ഇവിടെ അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ എനിക്ക് നഷ്ടപ്പെടുന്ന വഴിയോരക്കാഴ്ച്ചകളും പ്രഭാതസൂര്യൻെറ, ഇളം ചൂടും ഒക്കെ ഞാൻ സ്വാർത്ഥതയോടെ ആലോചിക്കാറുണ്ട്. മങ്ങുന്ന വെയിലും വാടിയ പൂക്കളും ശൈത്യത്തിൻെറ വരവിനു മുന്നോടിയാകുന്നു. നിത്യേന കണ്ണുകൾക്കും മനസ്സിനും കുളിർമ്മ നൽകിയിരുന്ന ഉദ്യാനങ്ങളുടെ മനോഹാരിത കുറഞ്ഞു വരുന്നു. എന്നാൽ പൂമ്പാറ്റകളെപ്പോലെ വീണ്ടും സ്കൂൾകുട്ടികളെ കാണാം എന്ന സന്തോഷമുണ്ട്. സരസ്വതിക്ഷേത്രങ്ങളിലേക്ക് “വിദ്യാധനം” എന്ന മികച്ച ധനം അർത്ഥിക്കാനായി പോകുന്ന നിഷ്ക്കളങ്കരായ കുട്ടികൾ അവരെക്കാണുമ്പോൾ എൻെറ മാത്രുഹ്രുദയം തുടിച്ച്പോകുന്നു.

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പല അനിഷ്ട സംഭവങ്ങളും നടന്നു. എന്നാൽ പതിവുപോലെ പുതിയ അദ്ധ്യയന വർഷം സമാഗതമാകുകയായി. രാഷ്ട്രത്തിൻെറ ഭാവിയുടെ ശക്തിയായ തലമുറ ഉത്തരവാദിത്വബോധത്തോടെ വിദ്യയഭ്യസിച്ച് നാളത്തെ ഉത്തമ പൗരന്മാരാകട്ടെ എന്നുപ്രാർത്ഥിക്കണം. നമ്മുടെ കൊച്ചുകേരളത്തിലേയും അവസ്ഥകൾക്ക് മാറ്റം വന്നു. അവിടെ രാഷ്ട്രീയക്കാർ കുട്ടികളെ സ്വാർത്ഥതാൽപ്പര്യങ്ങൾക്കായി കരുക്കളാക്കുന്നു. പകുതി നനഞ്ഞ ,തണുത്ത പൊതിചോറുമായി പാഠശലയിലേക്ക് പോയിരുന്ന പഴയകാലം മാറി. നാട്ടിൽ ഇപ്പോൾ ജീവിതസൗകര്യങ്ങൾ വളരെ വർദ്ധിച്ചു. സ്വന്തം വാഹനമുള്ളവരുടെ സംഖ്യ വർദ്ധിക്കുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് മാത്രമായി,സ്ത്രീകൾക്ക് മാത്രമായി ബസ്സുകൾ നിരത്തുകളിൽ ഓടുന്നു. അങ്ങനെ പുരോഗതി പ്രാപിക്കുമ്പോഴും സ്കൂളുകളിലേയും കലാലയങ്ങളിലേയും സുരക്ഷിതത്വത്തിനു ഭംഗമുണ്ടായേക്കാം എന്ന ഉത്ക്കണ്ഠ മാതാപിതാക്കളെ അസ്വസ്ഥരാക്കുന്നു. ഈ അവസ്ഥക്ക് മാറ്റം വരേണ്ടത് ആവശ്യമാണു.



**കൊച്ചു മകൻ എവൻ മാത്യു വർഗീസ്സ് ഗ്രാജുവേഷൻ ഫോട്ടോ**

അതിനായി, അക്കാദമിക്ക് യോഗ്യതപോലെ തന്നെ, സനാതനമായ ധാർമ്മികമൂല്യങ്ങൾ വിസ്മരിക്കപ്പെടാതെ, സ്വഭാവമൂല്യമുള്ള ഭാവി തലമുറയെ വാർത്തെടുക്കുവാനുള്ള ശ്രമത്തിലാണു രാഷ്ട്രങ്ങളിന്നു. വിദ്യാർത്ഥികളിൽ സത്യസന്ധത നീതിബോധം ആത്മധൈര്യം സ്വയാവബോധം സന്മാർഗ്ഗനിഷ്ഠ എന്നിവക്കുള്ള പ്രസക്തി നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകം നിഷ്ക്കർഷിക്കുന്ന ഒരു വിദ്യഭ്യാസരീതി ആഗോളതലത്തിൽ വ്യാപകമായിട്ടുണ്ട്. എങ്കിലും നേട്ടങ്ങളും ലാഭങ്ങളും മാത്രമാണു ആത്യന്തിക ലക്ഷ്യം എന്നു സമൂഹത്തിൽ ഒരു ചെറിയ വിഭാഗമെങ്കിലും തെറ്റിദ്ധരിക്കുന്നതാണു ഇന്നു കാണുന്ന സ്ഥിതി വിശേഷം.കഴിഞ്ഞ മാസം തുമ്പമണ്ണിലെ മാർ ഗ്രിഗോറിയോസ് ഹൈസ്കൂളിലെ പ്ലസ് വണും, പ്ലസ് ടുവും വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ ലിറ്ററി വിംഗ് ഉദ്ഘാടനം ചെയ്യാൻ ഈ ലേഖികയെ ക്ഷണിച്ചിരുന്നു. അവരുമായി കുറച്ച് നേരം ഇടപഴകാൻ അവസരം ലഭിച്ചപ്പോൾ ഒരു കാര്യം

മനസ്സിലായി – വളരെ ഉത്തരവാദിത്വബോധമുള്ള, അറിവുള്ള കുട്ടികളാണവരെന്നു. ഗുരുക്കന്മാരോടും, മുതിർന്നവരോടും കാണിക്കേണ്ട ബഹുമാനവും,സ്നേഹവും അവരിൽ പ്രകടമായിരുന്നു.

ഉന്നതമായ ആദർശങ്ങൾക്കും മൂല്യങ്ങൾക്കും സ്വഭാവമഹിമക്കും പ്രഥമസ്ഥാനം നൽകിയിരുന്ന മഹാന്മാരുടെ ഒരു വലിയ നിര തന്നെ ദേശീയതലത്തിലും പ്രാദേശികതലത്തിലും ചൂണ്ടിക്കാണിക്കാവുന്ന ഒരു ചരിത്രമാണു നമുക്കുള്ളത്. ഈ കമ്പ്യൂട്ടർ യുഗത്തിൽ ശാസ്ത്രസങ്കേതിക വിദ്യകൾ വളരുന്നതോടൊപ്പം തന്നെ, മാനുഷികമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും സനാതനതത്വങ്ങളെ ആദരിക്കുവാനും യുവതലമുറക്ക് കഴിയട്ടെ എന്നു ആശംസിച്ച്കൊണ്ട് ഈ പുതിയ അദ്ധ്യയന വർഷത്തെ സ്വാഗതം ചെയ്യാം.

**********************************